LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്. നദികളിലൂടെ ഒഴുകി കടലിൽ പതിക്കുന്ന ജലം വിവിധ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിച്ച് സംഭരിച്ച് ഉപയോഗയോഗ്യമാക്കുന്നതിലേക്കായി 700 ഓളം തടയണകൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിന് 400 കോടി രൂപയുടെ ബൃഹദ് പദ്ധതി 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഭൂജല വകുപ്പുമായി ബന്ധപ്പെട്ട 2013-14 ബഡ്ജറ്റിൽ കിണറുകൾ റീചാർജ് ചെയ്യലും മഴവെള്ള സംരക്ഷണവും ജനകീയ പദ്ധതികളായി ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി) 183 തടയണകൾ നിർമ്മിക്കുന്നതിനായി 25-4-2014-ൽ 106.60 കോടി രൂപയും 7 തടയണകളുടെ നിർമ്മാണത്തിനായി 24-11-2014-ൽ 3.78 കോടി രൂപയും അനുവദിച്ചു. ഇവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 2013-14, 2014-15 വർഷങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. കൂടാതെ, കൃത്രിമ ഭൂജല സംപോഷണ പദ്ധതിയുടെ ഭാഗമായി 2013-14 വർഷം 60 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 58 ലക്ഷം രൂപ വിനിയോഗിച്ച് 75 പദ്ധതികൾ പൂർത്തീകരിച്ചു. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽ 4 കോടി രൂപ വകയിരുത്തുകയും അതിൽ 3.95 കോടി രൂപ വിനിയോഗിച്ച് 150 കഴൽക്കിണർ, 73 ചെറുകിട കുടിവെള്ള പദ്ധതികൾ, 90 ഹാൻഡ് പമ്പ് പദ്ധതികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

വാട്ടർ അതോറിറ്റി ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

181(2650) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ജീവനക്കാർക്ക് നടപ്പിലാക്കിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ജീവനക്കാർക്കും വേണ്ടി എത്ര തുക പ്രീമിയം അടച്ചു എന്നു വ്യക്തമാക്കുന്ന രേഖ എല്ലാ ജീവനക്കാർക്കും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനു നടപടി സ്വീകരിക്കുമോ ;

(സി) മെഡിക്കൽ സ്പെഷ്യൽ സാങ്ഷൻ ഉത്തരവാക്കാത്തതുമൂലം ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കെട്ടിക്കിടക്കുന്ന മെഡിക്കൽ സ്പെഷ്യൽ സാങ്ഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വാട്ടർ അതോറിറ്റി ജീവനക്കാർക്കുവേണ്ടി നടപ്പിലാക്കിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം തുക 6,95,51,843 രൂപയാണ്. (2015 വർഷത്തേക്ക്)

(ബി) ഇൻഷ്വറൻസ് പരിധിയിൽ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി എന്നതിന് രേഖയായി ഇൻഷ്വറൻസ് കാർഡ് എല്ലാ ജീവനക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്. നാളിതുവരെ കാർഡ് ലഭിക്കാത്ത ജീവനക്കാർക്ക് കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മെഡിക്കൽ സ്പെഷ്യൽ സാംഗ്ഷനുള്ള അപേക്ഷകൾ സർക്കാരിൽ കെട്ടിക്കിടക്കുന്നില്ല.

ചടയമംഗലം മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവർത്തനം

182(2651) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ് മാസം മുതൽ 2015 നവംബർ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

കേരള ജല അതോറിറ്റി :

2011 മേയ് മാസം മുതൽ 2015 നവംബർ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജല അതോറിറ്റി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.* വരൾച്ച, ദുരിതാശ്വാസം, എം.എൽ.എ. എ.ഡി.എഫ്., 29 ആർ.ഡബ്ല്യു. എസ്.എസ്. എന്നിവയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ നീട്ടൽ, പമ്പുസെറ്റ് സ്ഥാപിക്കൽ, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഈ കാലയളവിൽ 6,03,88,387 രൂപ ചെലവായിട്ടുണ്ട്. കൂടാതെ കളത്തുപ്പുഴയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 1492.64 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കളത്തുപ്പുഴ പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തിയാക്കിയ പദ്ധതിക്കായി 513.74 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly